## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

## കേരള പോലീസിൽ ക്രിമിനൽ കേസ്സിൽ ഉൾപ്പെട്ടവർ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3751 11/11/2019-ൽ മറുപടിക്ക്**

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | കേരള പോലീസിൽ ക്രിമിനൽ കേസ്സിൽ ഉൾപ്പെട്ടവരുടെ വിശദാംശം തസ്തിക തിരിച്ച് ലഭ്യമാക്കുമോ; | (എ) | കേരള പോലീസിൽ ക്രിമിനൽ കേസ്സിൽ ഉൾപ്പെട്ടവരുടെ വിശദാംശം ചുവടെ ചേർക്കുന്നു<br>DC/DySP/AC — 5<br>IP/RI/API — 12<br>SI/RSI/APSI/SI(G) — 60<br>ASI/RASI/APASI/ASI (G) — 42<br>SCPO/WSCPO/SCPO (G) — 145<br>CPO/WCPO — 454<br>TOTAL — 718 |
| (ബി) | ഇതിൽ എത്ര പേർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ട്; നാളിതുവരെ വകുപ്പുതല നടപടി സ്വീകരിക്കാത്ത എത്ര പേരുണ്ട്; സസ്പെൻഷനിലുള്ള എത്ര പേരുണ്ട്; ഇനിയും സസ്പെന്റ് ചെയ്യപ്പെടാത്ത എത്ര പേരുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഇതിൽ 587 പേർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ട്. നാളിതു വരെ വകുപ്പുതല നടപടികൾ സ്വീകരിക്കാത്ത 131 പേരും , സസ്പെൻഷനിലുള്ള 95 പേരും, സസ്പെന്റ് ചെയ്യപ്പെടാത്ത 201 പേരുമുണ്ട്. ക്രിമിനൽ കേസിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിയ്ക്കുന്നത് KPDIP & A Rules 1958 പ്രകാരമാണ്. ഈ റൂൾ |

| | | | |
|---|---|---|---|
| | | | പ്രകാരം കേസിൽ ഉൾപ്പെട്ടാൽ സസ്പെന്റ് ചെയ്യണമെന്ന് നിഷ്കർഷിയ്ക്കുന്നില്ല. എന്നാൽ ക്രിമിനൽ കേസിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ആരോപിയ്ക്കപ്പെടുന്ന കുറ്റകൃത്യത്തിന്റെ ഗൗരവമനുസരിച്ചാണ് ടിയാനെ സസ്പെൻറ് ചെയ്യുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിയ്ക്കുന്നത്. ആയത് ഓരോ യൂണിറ്റ് മേധാവിമാരുടെ വിവേചനാധികാരത്തിൽ ഉൾപ്പെടുന്നതുമാണ്. |
| (സി) | ഈ സേനാംഗങ്ങളിൽ പോക്സോ കേസുകളിൽ ഉൾപ്പെട്ട എത്ര പേരുണ്ടെന്ന് അറിയിക്കുമോ; തസ്തിക തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ? | (സി) | മേൽ സേനാംഗങ്ങളിൽ പോക്സോ കേസ്സുകളിൽ ഉൾപ്പെട്ട 10 പേരാണുള്ളത്. തസ്തികതിരിച്ചുള്ള വിശദാംശംചുവടെ ചേർക്കുന്നു. |

| | |
|---|---|
| SI/RSI/APSI/SI(G) | 1 |
| ASI/RASI/APASI/ASI (G) | 1 |
| SCPO/WSCPO/SCPO (G) | 3 |
| CPO/WCPO | 5 |
| TOTAL | 10 |

സെക്ഷൻ ഓഫീസർ